REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തിന്റെ സ്വരമാധുര്യ വസന്തം ആശാ ഭോസ്‌ലേയ്ക്ക് ലോകത്തിന്റെ ആദരാഞ്ജലി. സംസ്കാരം വൈകിട്ട് മുംബൈയിലെ ശിവാജി പാർക്കിൽ.**
- **വിദേശ കാര്യ മന്ത്രി ഡോ. S ജയശങ്കറുടെ രണ്ട് ദിവസത്തെ UAE സന്ദർശനം അവസാനിച്ചു.**
- **വാഗ്ദാനമായി തുടർന്ന വനിതാ സംവരണം കേന്ദ്രഗവൺമെന്റ് യാഥാർത്ഥ്യമാക്കിയെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.**
- **BDS വിദ്യാർത്ഥി നിതിൻരാജിന്റെ മരണവുമായി ബന്ധപ്പെട്ട് കുറ്റക്കാരായ എല്ലാവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **IPL ക്രിക്കറ്റിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു- വിനും, ഗുജറാത്ത് ടൈറ്റൻസിനും ജയം.**

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ സ്വരമാധുര്യ വസന്തവും ഇതിഹാസ ഗായികയുമായ ആശാ ഭോസ്‌ലേയുടെ സംസ്കാരം വൈകിട്ട് മുംബൈയിലെ ശിവാജി പാർക്കിൽ നടത്തും. നെഞ്ചിലെ അണുബാധയെത്തുടർന്ന് മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെയായിരുന്നു 92 കാരിയായ അവരുടെ അന്ത്യം.

(വോയ്സ് .........)

ഏട്ട് പതിറ്റാണ്ടിലധികമായി 20 ലേറെ ഭാഷകളിൽ പാടിയ ആശാ ഭോസ്‌ലെയ്ക്ക് 2000-ത്തിൽ ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരവും 2008ൽ

പത്മവിഭൂഷണും നൽകി രാജ്യം ആദരിച്ചു. രണ്ടു വട്ടം മികച്ച ഗായികയ്ക്ക് നൽകുന്ന ദേശീയ പുരസ്കാരവും അവർ സ്വന്തമാക്കി.

ആശാ ഭോസ്‌ലെയുടെ വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അനുശോചിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച ഇതിഹാസ ഗായിക ആശാ ഭോസ്‌ലെയ്ക്ക് ആദരാഞ്ജലി അർപ്പിച്ച് ഇന്ത്യയിലെ വിദേശ നയതന്ത്രജ്ഞരും. ആശാ ഭോസ്‌ലെയുടെ നിത്യഹരിത സംഗീതത്തെ വിലമതിക്കുന്ന ഒരാളാണ് താനെന്ന് ഓസ്ട്രേലിയൻ ഹൈക്കമ്മീഷണർ ഫിലിപ്പ് ഗ്രീൻ പറഞ്ഞു.

പ്രശസ്ത ഗായികയുടെ മരണം വലിയ നഷ്ടമാണെന്ന് പറഞ്ഞ യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ, ഈണം നിലച്ചിരിക്കാം, പക്ഷേ അവരുടെ പാരമ്പര്യം ശാശ്വതമായി നിലനിൽക്കുന്നു എന്നും പറഞ്ഞു.

✪✪✪

പ്രശസ്ത ഗായിക ആശാ ഭോസ്‌ലെയുടെ വിയോഗത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള അനുശോചിച്ചു. പതിറ്റാണ്ടുകളായി ഇന്ത്യൻ കലകളെ സമ്പന്നമാക്കുന്നതിൽ അവർ സമാനതകളില്ലാത്ത സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഹിന്ദി, മറാത്തി, തുടങ്ങി നിരവധി ഭാഷകളിൽ പാടിയ ആശാ ഭോസ്‌ലെ, ഇന്ത്യൻ സംഗീതത്തെയും സിനിമയെയും ആഗോള അംഗീകാരത്തിലേക്കും അന്തസ്സിലേക്കും ഉയർത്തിയെന്നും ഓം ബിർള അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ആശാ ഭോസ്‌ലേയുടെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ഇന്ത്യൻ സംഗീതത്തെ ലോകത്തിന്റെ നെറുകയിൽ പ്രതിഷ്ഠിച്ച അതുല്യയായ സംഗീതജ്ഞയായിരുന്നു ആശാ ഭോസ്‌ലേ എന്ന് മുഖ്യമന്ത്രി പറഞ്ഞു. ലോകത്ത് ഏറ്റവും കൂടുതൽ ഗാനങ്ങൾ റെക്കോർഡ് ചെയ്ത ഗായിക എന്ന അപൂർവ്വ ബഹുമതിക്ക് ഉടമയായ അവർ ലോക സംഗീതരംഗത്തെ തന്നെ അസാമാന്യ പ്രതിഭയായിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

മലയാളത്തിന് വേണ്ടി ഒരേ ഒരു ഗാനമേ പാടിയിട്ടുള്ളുവെങ്കിലും ആശാജിയുടെ അന്യഭാഷാഗാനങ്ങളെ നെഞ്ചേറ്റിയവരാണ് മലയാളികളെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു.

✪✪✪

പശ്ചിമേഷ്യൻ യുദ്ധം അവസാനിപ്പിക്കുന്നതിന് ഇസ്ലാമാബാദിൽ അമേരിക്കയും ഇറാനും തമ്മിൽ നടത്തിയ ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് ലോകത്ത് ആശങ്ക വീണ്ടും വ്യാപകമായി. US നാവിക സേന, ഹോർമൂസ് കടലിടുക്ക് ഉപരോധിക്കുമെന്നും എന്നാൽ US കപ്പലുകളെ തടയുമെന്ന് ഇറാനും പ്രഖ്യാപിച്ചു. ഇറാൻ ഹോർമൂസ് കടലിടുക്കിൽ പാകിയ മൈനുകൾ നീക്കം ചെയ്യുമെന്ന് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചിരുന്നു. ഇറാന്റെ കൊള്ളയടിയും ആഗ്രഹങ്ങളും തടയാൻ നടപടി അനിവാര്യമാണെന്ന് ഡൊണാൾഡ് ട്രംപ് പറഞ്ഞു. എന്നാൽ കടലിടുക്കിലേക്ക് പ്രവേശിക്കുന്ന സൈനിക കപ്പലുകളുടെ നടപടി വെടിനിർത്തൽ ലംഘനമായി കണക്കാക്കി ആക്രമിക്കുമെന്ന് ഇറാൻ ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകി.

ശാശ്വത സമാധാനവും സുരക്ഷയും ഉറപ്പാക്കാൻ സന്തുലിതവും നീതിയുക്തവുമായ കരാറിലെത്താൻ ടെഹ്റാൻ തയ്യാറാണെന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ പറഞ്ഞു. എന്നാൽ അമേരിക്കയുടെ ഇരട്ട നിലപാടാണ് കരാറിന് പ്രധാന തടസ്സമായി നിൽക്കുന്നതെന്നും ഇറാൻ പ്രസിഡന്റ് പറഞ്ഞു.

✪✪✪

വിദേശ കാര്യ മന്ത്രി ഡോ. S ജയശങ്കറുടെ രണ്ട് ദിവസത്തെ UAE സന്ദർശനം അവസാനിച്ചു. സന്ദർശന വേളയിൽ ഡോ. ജയശങ്കർ UAE പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നെഹ്യാനുമായി കൂടിക്കാഴ്ച നടത്തുകയും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദേശം കൈമാറുകയും ചെയ്തു.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്...........

ഊർജ്ജ സഹകരണം ശക്തിപ്പെടുത്തുക, വ്യാപാരം വികസിപ്പിക്കുക, ഇരു രാജ്യങ്ങളും തമ്മിലെ തന്ത്രപരമായ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോവുക എന്നിവയെക്കുറിച്ചായിരുന്നു ചർച്ചകൾ. ദുബായ് കിരീട അവകാശി ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മുക്തൂമും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. UAE വിദേശകാര്യമന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നെഹ്യാനുമായി ഡോ. ജയശങ്കർ പ്രത്യേക ചർച്ചകൾ നടത്തി.

ശനിയാഴ്ച UAE യിലെത്തിയ ഡോ. ജയശങ്കർ ഇന്ത്യൻ സമൂഹവുമായും സംവദിച്ചു. വർദ്ധിച്ചുവരുന്ന പ്രാദേശിക സംഘർഷങ്ങളിൽ ഇന്ത്യൻ പ്രവാസികളുടെ സുരക്ഷയും ക്ഷേമവും സംബന്ധിച്ച ആശങ്കകൾ പങ്കുവെച്ചു. പ്രവാസികളെ പിന്തുണയ്ക്കുന്ന കേന്ദ്രഗവൺമെന്റിന്റെ ശ്രമങ്ങൾ ജയശങ്കർ

വിശദീകരിച്ചു. ഗൾഫ് രാജ്യങ്ങളിൽ ഇന്ത്യ നടത്തുന്ന വിശാല നയതന്ത്ര ഇടപെടലുകളുടെ ഭാഗമാണ് ഡോ. ജയശങ്കറുടെ സന്ദർശനം.

✪✪✪

പതിറ്റാണ്ടുകളായി വനിതാ സംവരണം വാഗ്ദാനമായി തുടർന്നെന്നും എന്നാൽ കേന്ദ്രഗവൺമെന്റ് അത് യാഥാർത്ഥ്യമാക്കിയെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. 2029ന് മുമ്പ് രാജ്യത്തിന്റെ നാരീശക്തിക്ക് ശരിയായ പ്രാധാന്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ മണ്ഡല പുനർനിർണയം സംബന്ധിച്ച ഭേദഗതികൾ നിർണായകമാണെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. വനിതാ സംവരണ ഭേദഗതി ബിൽ പാസാക്കേണ്ടതിന്റെ അടിയന്തര പ്രാധാന്യം വ്യക്തമാക്കി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഗാർഖെയ്ക്ക് കത്തെഴുതിയതായും കിരൺ റിജിജു അറിയിച്ചു. ഇക്കാര്യത്തിൽ വിവിധ കക്ഷി നേതാക്കളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഭേദഗതി പാസാക്കാതിരുന്നാൽ അത് ദശലക്ഷക്കണക്കിന് സ്ത്രീകൾക്ക് നീതി വൈകിപ്പിക്കുന്നതിന് തുല്യമാണെന്നും കിരൺ റിജിജു അഭിപ്രായപ്പെട്ടു.

✪✪✪

LPG മേഖലയിലെ കരിഞ്ചന്ത, അനധികൃത സംഭരണം, ഗാർഹിക-വാണിജ്യ സിലിണ്ടറുകളുടെ തിരിമറി തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സംസ്ഥാനത്തുടനീളം പരിശോധനയും എൻഫോഴ്സ്മെന്റ് നടപടികളും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ശക്തമാക്കി.

രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ പ്രത്യേക സ്ക്വാഡ് നടത്തിയ പരിശോധനയിൽ അനധികൃതമായി സൂക്ഷിച്ച ഗാർഹിക, വാണിജ്യ, ചോട്ടു സിലിണ്ടറുകൾ ഉൾപ്പെടെ 600 ലധികം LPG സിലിണ്ടറുകൾ പിടിച്ചെടുത്തു. ഇതിനുപുറമെ രണ്ട് വ്യത്യസ്ത കേസുകളിലായി രണ്ട് ഹോട്ടലുകളിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന 5 ഗാർഹിക LPG സിലിണ്ടറുകളും സ്ക്വാഡ് പിടിച്ചെടുത്തു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ ബിഡിഎസ് വിദ്യാർത്ഥിയായിരുന്ന നിതിൻ രാജിന്റെ തിരുവനന്തപുരം പുതുക്കുളങ്ങരയിലെ വസതി മന്ത്രി V. ശിവൻകുട്ടി സന്ദർശിച്ചു. നിതിന്റെ കുടുംബാംഗങ്ങളുമായി കൂടിക്കാഴ്ച നടത്തിയ മന്ത്രി, അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ഗവൺമെന്റിന്റെ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നതായും അറിയിച്ചു.

കോളേജിൽ നിതിൻ രാജ് ജാതി അധിക്ഷേപത്തിന് ഇരയായി എന്ന വാർത്ത ഞെട്ടിക്കുന്നതാണെന്ന് സന്ദർശനത്തിന് ശേഷം മന്ത്രി പ്രതികരിച്ചു.

കുറ്റക്കാരായ എല്ലാവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും കർശന നിയമ നടപടികൾ ഉണ്ടാകുമെന്നും മന്ത്രി ഉറപ്പ് നൽകി.

നിതിന്റെ കുടുംബത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്യുമെന്നും മുഖ്യമന്ത്രിയെ കണ്ടതിന് ശേഷം അനന്തര നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളജ് വിദ്യാർത്ഥി നെടുമങ്ങാട്ടെ നിതിൻ രാജിന്റെ ദൗർഭാഗ്യകരമായ മരണം കേരള മനസ്സാക്ഷിയെ നടുക്കുന്നതാണെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഈ വിഷയത്തിൽ സംസ്ഥാന ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായ മൗനം ശരിയല്ലെന്നും അദ്ദേഹം അറിയിച്ചു. ജാതിയുടെ പേരിലും നിറത്തിന്റെ പേരിലും അധിക്ഷേപം നേരിട്ടതിനെ തുടർന്നാണ് വിദ്യാർത്ഥി ആത്മഹത്യ ചെയ്തത്. നവോത്ഥാനത്തെക്കുറിച്ച് വാചാലരാകുന്ന പിണറായി ഗവൺമെന്റ്, സ്വന്തം നാട്ടിലെ പിന്നാക്ക വിഭാഗങ്ങൾ നേരിടുന്ന ക്രൂരതകൾക്ക് നേരെ കണ്ണടയ്ക്കുകയാണെന്നും രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി.

കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാടാണ് പോലീസും സർക്കാരും തുടരുന്നതെങ്കിൽ ശക്തമായ ജനകീയ പ്രക്ഷോഭത്തിന് ബിജെപി നേതൃത്വം നൽകുമെന്നും സംസ്ഥാന അധ്യക്ഷൻ മുന്നറിയിപ്പ് നൽകി.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ ഒന്നാം വർഷ BDS വിദ്യാർത്ഥി നിതിൻരാജിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷിക്കുന്നതിന് പ്രത്യേക സംഘത്തിന് രൂപം നൽകി. ജില്ലാ സൈബർ പൊലീസിലെ വിദഗ്ധരുൾപ്പെടെ ഏഴംഗ സംഘമാണ് കേസ് അന്വേഷിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി കണ്ണൂരിൽ നിന്ന് ജില്ലാ പ്രതിനിധി KO ശശിധരൻ.

..........വോയ്സ്...........

ആത്മഹത്യാ പ്രേരണ കുറ്റത്തിനുള്ള വകുപ്പുകൾക്ക് പുറമേ പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമത്തിലെ വകുപ്പുകൾ കൂടി ചേർത്ത് കൊണ്ടാണ് കേസ് രജിസ്റ്റർ ചെയ്തതെന്ന് സിറ്റി പോലീസ് കമ്മീഷണർ പി നിതിൻ രാജ് വാർത്താ ലേഖകരെ അറിയിച്ചു. കണ്ണൂർ എ.സി.പി ഹരിപ്രസാദിനാണ് അന്വേഷണ ചുമതല.

ഒരു ഓൺലൈൻ ലോൺ ആപ്പിൽ നിന്ന് നിതിൻരാജ് വായ്പ എടുത്തിരുന്നതായും തിരിച്ചടവ് വൈകിയതോടെ ലോൺ ഏജന്റുമാർ നിരന്തരം ഫോണിലൂടെ ഭീഷണിപ്പെടുത്തിയിരുന്നതായും പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

നിതിൻരാജിന്റെ ഫോണിലെ കോൺടാക്റ്റ് വിവരങ്ങൾ ലോൺ ഏജൻസി കൈക്കലാക്കിയിരുന്നതായും ഇതിലൂടെ വിദ്യാർത്ഥിയുടെ അധ്യാപകരിലൊരാളെയും ഏജന്റുമാർ ഫോൺ വിളിച്ച് ശല്യം ചെയ്തിരുന്നതായും കണ്ടെത്തിയിട്ടുണ്ട്. അധ്യാപകന് ലഭിച്ച ഭീഷണി സന്ദേശങ്ങളിലും കോളുകളിലും പ്രത്യേകമായി സൈബർ പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസ് കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും കമ്മീഷണർ അറിയിച്ചു.

✪✪✪

വിശ്വപ്രസിദ്ധമായ തൃശൂർ പൂരത്തിന്റെ വരവറിയിച്ച് തിരുവമ്പാടി വിഭാഗത്തിന്റെ നടുവിലാൽ, നായ്ക്കനാൽ പന്തലുകളുടെ കാൽനാട്ടുകർമ്മവും പാറമേക്കാവ് വിഭാഗം മണികണ്ഠനാൽ പന്തലിന്റെ കാൽനാട്ടു കർമവും നടത്തി.

ഭൂമി പൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ചടങ്ങിൽ കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി, മേയർ നിജി ജസ്റ്റിൻ, മുൻമന്ത്രി VS സുനിൽകുമാർ, ദേവസ്വം ഭാരവാഹികൾ, തട്ടകക്കാർ എന്നിവർ പങ്കെടുത്തു. 20ന് പൂരം കൊടിയേറ്റവും, 24ന് സാമ്പിൾ വെടിക്കെട്ടുമാണ്. 26നാണ് തൃശൂർ പൂരം.

✪✪✪

മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ IPL ക്രിക്കറ്റിലെ ലീഗ് പോരാട്ടത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, മുംബൈ ഇന്ത്യൻസിനെ 18 റൺസിന് തോൽപ്പിച്ചു. റോയൽ ചലഞ്ചേഴ്സിന്റെ 241 റൺസിന്റെ കൂറ്റൻ വിജയലക്ഷ്യം പിന്തുടർന്ന മുംബൈക്ക് അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 222 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ.

ലഖ്നൗവിൽ മറ്റൊരു മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി. 165 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഗുജറാത്ത് ടൈറ്റൻസ് 18.4 ഓവറിൽ സ്കോർ മറികടന്നു.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് രാജസ്ഥാൻ റോയൽസിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ പഞ്ചാബ് FC യെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചു. മറ്റൊരു മത്സരത്തിൽ ഇന്റർ കാശി എതിരില്ലാത്ത ഒരു ഗോളിന് മുഹമ്മദെൻ SCയെ പരാജയപ്പെടുത്തി. കൊൽക്കത്തെയിലായിരുന്നു രണ്ട് മത്സരങ്ങളും.

✪✪✪

കോഴിക്കോടിന്റെ 50-ാമത് ഫീസ്റ്റോ അഖിലേന്ത്യാ ബാസ്ക്കറ്റ്ബോൾ ടൂർണമെന്റിൽ, പുരുഷ വിഭാഗത്തിൽ ചെന്നൈ ഇന്ത്യൻ ബാങ്കും വനിതാ വിഭാഗത്തിൽ സെക്കന്ദരാബാദ് സൗത്ത് സെൻട്രൽ റെയിൽവേയും ജേതാക്കളായി.

പുരുഷ - ഫൈനലിൽ ബാംഗ്ലൂർ യങ് ഓറിയൺസിനെ 87-73 എന്ന സ്കോറിന് തകർത്താണ് ഇന്ത്യൻ ബാങ്ക് ചെന്നൈ ചാമ്പ്യന്മാരായത്.

ടൂർണമെന്റിലുടനീളം തോൽവി അറിയാതെ മുന്നേറിയ KSEB യെ, 66-55 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് സൗത്ത് സെൻട്രൽ റെയിൽവേ വനിതാ കിരീടം ചൂടിയത്.

വിജയികൾക്ക് ഒരു ലക്ഷം രൂപയും റണ്ണേഴ്സ് അപ്പിന് 50,000 രൂപയും സമ്മാനമായി ലഭിച്ചു.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*News Team: നിമിഷ ജി, സബിത കെ*
*DEO : സി കെ സുബോധ്*